ഉത്തരം

ഇലക്ട്രിസിറ്റി ബോർഡ് ഉപഭോക്താക്കളിൽ നിന്നും പിരിച്ചെടുക്കുന്ന തുക സർക്കാരിലേക്ക് ഒടുക്കുവാൻ കാലതാമസം വരുത്തുന്നുണ്ട്. കാലതാമസം ഒഴിവാക്കാൻ ബോർഡുമായി ചർച്ചകൾ തുടർന്നുവരുന്നു. കോടതി സ്റ്റേയിൽ ഉൾപ്പെട്ട നികുതി തുകകൾ പിരിച്ചെടുക്കുന്നതിൽ കാലതാമസം ഉണ്ടാകാറുണ്ട്. മറ്റു നികുതി തുകകൾ പിരിച്ചെടുക്കുന്നതിൽ കാലതാമസം നേരിട്ടിട്ടില്ല.

എസ്.എസ്.ഐ. യൂണിറ്റുകൾക്കും ഖാദി ഗ്രാമവ്യവസായ യൂണിറ്റുകൾക്കും അനുവദിച്ച നികുതി ഇളവുകൾ

15 (3224) ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എസ്.എസ്.ഐ. യൂണിറ്റുകൾക്കും, ഖാദി ഗ്രാമീണ വ്യവസായ യൂണിറ്റുകൾക്കും വില്പന നികുതി ഈടാക്കുന്നതിനും നൽകുന്നതിനും 2002 ജനുവരി വരെ അനുവദിച്ചിരുന്ന ഇളവുകൾ എന്തൊക്കെയായിരുന്നുവെന്ന് വ്യക്തമാക്കുമോ :

(ബി) കെ.ജി.എസ്.റ്റി.-യിലെ വ്യവസ്ഥകൾ പ്രകാരമാണോ ഇളവുകൾ അനുവദിക്കുന്നതെന്ന് വ്യക്തമാക്കാമോ :

(സി) ഇളവുകൾ അനുവദിച്ചതുമൂലം ഇത്തരം യൂണിറ്റുകൾക്ക് ഉണ്ടായിട്ടുള്ള മെച്ചമെന്താണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഖാദി വില്ലേജ് ഇൻഡസ്ട്രീസ് യൂണിറ്റുകൾ/എസ്.എസ്.ഐ. യൂണിറ്റുകൾ അവർ ഉല്പാദിപ്പിച്ചുവിൽക്കുന്ന ഉൽപ്പന്നങ്ങളുടെ വിറ്റുവരവിനെയും ഉൽപ്പാദനത്തിനവശേഷിക്കുന്ന അസംസ്കൃത വസ്തുവിന് മേലുള്ള വാങ്ങൽ നികുതിയെയും 31-3-1998 വരെ നികുതിയിൽ നിന്നും ഒഴിവാക്കിയിരുന്നു. 1-4-1998 മുതൽ ഈ ഇളവ് വാർഷിക വിറ്റുവരവ് 25 ലക്ഷത്തിന് താഴെയുള്ള യൂണിറ്റുകൾക്ക് മാത്രമായി പരിമിതപ്പെടുത്തി. എന്നാൽ 1-8-1998 മുതൽ വാർഷിക വിറ്റുവരവിന്റെ പരിധി എടുത്തുകളയുകയും നികുതി ഇളവ് എല്ലാ യൂണിറ്റുകൾക്കും വീണ്ടും ബാധകമാക്കുകയും ചെയ്തു. അതിനുശേഷം 1-1-2000 മുതൽ വാർഷിക വിറ്റുവരവ് 10 ലക്ഷത്തിനു താഴെ മാത്രമുള്ള യൂണിറ്റുകൾക്കായി ഇളവ് പരിമിതപ്പെടുത്തി.

(ബി) അതെ.

(സി) നികുതി ഇളവുകൾ ലഭ്യമായതുമൂലം ഇത്തരം യൂണിറ്റുകൾക്ക് തങ്ങളുടെ ഉല്പന്നങ്ങൾ കൂടുതൽ വിറ്റഴിക്കാൻ സാധിച്ചിട്ടുണ്ടെന്ന് കരുതുന്നു.

LIBRARY ARCHIVES Kerala Legislative Assembly